വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിനും വൈദ്യുതി പാഴാക്കികളയുന്നത് തടയുന്നതിനുമുള്ള നടപടി

13 (901) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിനും, വൈദ്യുതി പാഴാക്കിക്കളയുന്നത് തടയുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

വൈദ്യുതിയുടെ ദുരുപയോഗം ചെറുക്കുന്നതിന് ഉപഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനോടൊപ്പം തന്നെ വൈദ്യുതിമോഷണം കണ്ടുപിടിക്കുന്നതിനുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും വിപുലമാക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി മോഷണത്തിന് തടവും പിഴയും നൽകുന്ന ഓർഡിനൻസ് 2003 ഏപ്രിൽ ഒന്നിന് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് വൈദ്യുതി മോഷണം ഗണ്യമായി കുറയ്ക്കും. കൂടാതെ വൈദ്യുതി ദുരുപയോഗം ചെയ്യാതിരിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന "വൈദ്യുതി അമൂല്യമാണ്, അത് പാഴാക്കരുത്" എന്ന സന്ദേശത്തിന് വേണ്ടത്ര പ്രചാരം നൽകുന്നുണ്ട്. പത്രകുറിപ്പുകൾ വഴിയും വൈദ്യുതിയുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതിന് ജനങ്ങളോട് അഭ്യർത്ഥിക്കാറുണ്ട്.

ലോഡ് ഷെഡ്ഡിംഗിലൂടെ നിയന്ത്രിക്കാൻ കഴിയുന്ന വൈദ്യുതി ഉപഭോഗം

14 (902) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോഡ് ഷെഡ്ഡിംഗിലൂടെ എത്രമാത്രം ഉപഭോഗം നിയന്ത്രിക്കാൻ കഴിയുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇടവപ്പാതി ശക്തിപ്പെടുന്നമുറയ്ക്ക് ജൂൺ മാസത്തോടെ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം.

(എ) ഇപ്പോഴത്തെ ലോഡ് ഷെഡ്ഡിംഗിലൂടെ ഏകദേശം 2 ദശലക്ഷം യൂണിറ്റ് വൈദ്യുതി പീക്ക് സമയങ്ങളിൽ ലാഭിക്കുവാൻ കഴിയുന്നുണ്ട്.

(ബി) ഇടവപ്പാതി അവസാനം ജലത്തിന്റെ ലഭ്യത അനുസരിച്ച് തീരുമാനിക്കുന്നതാണ്.

കഴിഞ്ഞ അഞ്ചുവർഷത്തെ വൈദ്യുതോപഭോഗം

15 (904) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും ഊർജ്ജ ഉപഭോഗത്തിന്റെ രീതി ശതമാനകണക്കിൽ വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി ഉപഭോഗം, ഗാർഹികം, വാണിജ്യപരം, വ്യാവസായികം (എൽ.റ്റി) വ്യാവസായിക (എച്ച്.റ്റി), ജലസേചനം പൊതുവിളക്കുകൾ, വാട്ടർവർക്ക്സും, സീവേജും റെയിൽവേ തുടങ്ങി ഓരോ മേഖലയിലും എത്രശതമാനം വീതമായിരുന്നു എന്ന് വിശദമാക്കാമോ ;

(സി) ബോർഡിന്റെ ഔദ്യോഗിക കണക്കുകൾ അനുസരിച്ച് ഈ കാലയളവിൽ ഓരോ വർഷവും കണക്കാക്കപ്പെട്ട വൈദ്യുതി പ്രസരണ നഷ്ടം എത്ര ശതമാനം വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1997-1998 മുതൽ 2001-2002 വരെയുള്ള ഉപഭോഗത്തിന്റെ ശതമാന കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. 2002-2003 വർഷത്തെ കണക്കുകൾ ലഭിച്ചു വരുന്നതേയുള്ളു.†

(സി) 2001-ന് മുമ്പ് പ്രസരണം, വിതരണം എന്നീ മേഖലകളിലെ നഷ്ടം പ്രത്യേകം പ്രത്യേകം ആയി തിട്ടപ്പെടുത്തിയിട്ടില്ല. 2001-2002-ൽ പ്രസരണ നഷ്ടം 7.67% വും 2002-2003-ൽ 6.25%വും ആണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

കേടായ വൈദ്യുത മീറ്ററുകൾ മാറ്റിസ്ഥാപിക്കുവാൻ നടപടി

16 (905) ശ്രീ. തമ്പാനൂർ രവി :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേടായ എത്ര വൈദ്യുത മീറ്ററുകൾ മാറ്റി സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ബാക്കിയുള്ള എല്ലാ മീറ്ററുകളും മാറ്റുവാൻ പദ്ധതിയുണ്ടോ ;

(സി) എങ്കിൽ എന്നത്തേയ്ക്ക് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഇതുവരെ എത്ര പുതിയ കണക്ഷൻ നൽകിയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേടായ 8,38,328 സിംഗിൾ ഫേസ് മീറ്ററുകളും 651.059 ത്രീഫേസ് മീറ്ററുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. രണ്ട് വർഷംകൊണ്ട് എല്ലാ 'ഫോർട്ടി മീറ്ററുകളും' മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) 7,60,529 സർവ്വീസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്.

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly